ഗവ: L.P. സ്കൂൾ വെള്ളിയേപ്പള്ളി

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ആമുഖം

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ലോകത്തിനാകമാനം മാതൃകയായ നമ്മുടെ കേരളം പൊതുവിദ്യാഭ്യാസരംഗത്ത് പുത്തനുണർവുമായി നേട്ടങ്ങൾ കൊയ്തു കൊണ്ടിരിക്കുന്ന കാലമാണിത്. ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷാ, വർഗ്ഗ, വർണ്ണ ലിംഗ ഭേദമെന്യേ പ്രാദേശിക സാധ്യതകളെ പരിഗണിച്ചുകൊണ്ടും നൂതന സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തിക്കൊണ്ടുമുള്ള വിദ്യാഭ്യാസമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മുഴുവൻ വിദ്യാർത്ഥി-കൾക്കും തുല്യതയിൽ ഊന്നിയുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കൃത്യമായും ചിട്ടയായും നടപ്പിലാക്കി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

. . .

സ്കൂളിന്റെ പേര് : ഗവ LPS വെള്ളിയേപ്പള്ളി

H. M. : മഞ്ജുറാണി TK

അധ്യാപകർ : ശാലിനി K.S. LPST

ജോസഫ് സെബാസ്റ്റ്യൻ LPST

ബിനീഷ് ജോർജ്ജ് LPST

അനധ്യാപകർ : സീനത്ത്ബീവി K.H. PTCM

: കമലാക്ഷി K.C. Cook

കുട്ടികളുടെ എണ്ണം : 25 (11+14)

ഗ്രാമപഞ്ചായത്ത് : മുത്തോലി

ഉപജില്ല : പാലാ

വിദ്യാഭ്യാസജില്ല : പാലാ

ജില്ല : കോട്ടയം

BRC : പാലാ.

# ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ ക്ലാസിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു.

# അവസ്ഥാ വിശകലനം

1. പാഠ്യപദ്ധതി വിനിമയം.

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ പൂർണമായി നേടാൻ സാധിച്ചിട്ടില്ല. കുട്ടികളുടെ പഠനസാഹചര്യങ്ങളും വ്യക്തിഗതമായ പ്രശ്നങ്ങളുമാണ് ഇതിന്റെ കാരണം. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കുട്ടികളുടെ

ഏകാഗ്രതയെ വളരെ ദോഷകരമായ രീതിയിൽ ബാധിച്ചിട്ടുണ്ട്. ക്ലാസിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

2. പഠനാന്തരീക്ഷം.

ക്ലാസ് മുറികൾ മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്ന രീതിയിൽ സജ്ജീകരിക്കാനും അനുയോജ്യമായ പഠനോപകരണങ്ങൾ ഉപയോഗിക്കാനും ഈ സ്കൂളിൽ സൗകര്യമുണ്ട്. Blended learning നുവേണ്ട ആധുനിക സങ്കേതങ്ങൾ ഇവിടെ ലഭ്യമാണ്. പ്രൊജക്ടർ, പ്രിന്റർ എന്നിവ ഇവിടെയുണ്ട്. Internet connection (wifi) ലഭ്യമാണ്. സ്കൂൾമുറ്റവും കിഡ്സ് പാർക്കും ആസ്വാദ്യകരമായ പഠനത്തിനുള്ള അന്തരീക്ഷം തന്നെയാണ്. വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിനായി ന്യൂട്രീഷൻ ഗാർഡനും ഇവിടെയുണ്ട്.

3. അധ്യാപക - വിദ്യാർത്ഥി അനുപാതം

അധ്യാപക - വിദ്യാർത്ഥി അനുപാതവും ഓരോ കുട്ടിയേയും പ്രത്യേകം

ശ്രദ്ധിക്കാവുന്ന തരത്തിലുള്ളതാണ്. ഈ സ്കൂളി
ലെ അധ്യാപകർ കുട്ടികളോട് സ്നേഹ
ത്തോടെ പെരുമാറുകയും സ്വതന്ത്രവും
നിർഭയവുമായ അന്തരീക്ഷം നിലനിർത്തി
വർഗ- വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ
സമത്വത്തോടെ വർത്തിക്കുന്നവരുമാണ്.
ദൈനംദിനാസൂത്രണം നടത്തിയാണ് പാഠ്യപദ്ധതി
വിനിമയം ചെയ്യുന്നത്.

4 ഭൗതികസാഹചര്യങ്ങൾ

സ്കൂളിന് കളിസ്ഥലങ്ങളും ആവശ്യത്തിന്
കളിയുപകരണങ്ങളും ഉണ്ട്. ഒഴിവുവേളകൾ
ആനന്ദകരമാക്കാൻ കിഡ്സ് പാർക്ക് ഉണ്ട്.
ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് ഉൾപ്പെടെ
ആവശ്യത്തിന ശുചിമുറികളും ശുദ്ധജല
ലഭ്യതയും ഇവിടെയുണ്ട്. ഭക്ഷണം തയ്യാറാ
ക്കുന്നതിന് ആധുനിക ഉപകരണങ്ങൾ
ഉൾപ്പെടുന്ന അടുക്കളയുമുണ്ട്. എങ്കിലും

ഇരുന്ന് കഴിക്കാൻ ക്ലാസ്മുറികൾ തന്നെയാണ് ഉപയോഗിക്കുന്നത്. ഗതാഗതസൗകര്യം കുറവുള്ള സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് എന്നത് ഒരു വെല്ലുവിളിയാണ്. മൂന്നു ഭാഗത്തുനിന്നും റോഡുകൾ ഉണ്ടെങ്കിലും വളരെ ഇടുങ്ങിയതും തകർന്നതുമായ റോഡുകളാണ് ഉള്ളത്. കുട്ടികൾ ഓട്ടോറിക്ഷയിലാണ് സ്കൂളിൽ എത്തുന്നത്.

5. സാമൂഹ്യ ഇടപെടലുകൾ

PTA, MPTA, പൂർവ വിദ്യാർത്ഥികൾ, പ്രദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇവ സ്കൂളിനോട് അനുഭാവപൂർണമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കുട്ടികൾക്കു പഠനത്തിനു വേണ്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ ഇവരുടെയെല്ലാം സഹകരണം വളരെ നല്ല രീതിയിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, മറ്റു സഹായങ്ങൾ ഇവ പന്തല്ല സെർവന്റ്

ക്ലബ്, മുത്തോലി ഈനസ്റ്റ് SCB, ബ്രില്യന്റ്
സ്റ്റഡി സെന്റർ, ജനമൈത്രി പോലീസ്, പൂർവ
വിദ്യാർത്ഥികൾ, DYFI, സേവാഭാരതി പോലുള്ള
സംഘടനകൾ ഇവരൊക്കെ നൽകിവരുന്നു.
കൂടാതെ കായികപരിശീലനത്തിന് തോപ്പൻസ്
സ്വിമ്മിങ് അക്കാദമി സൗജന്യ നീന്തൽ പരിശീ
ലനം നൽകി വരുന്നു. ഇങ്ങനെ ഇവിടെ
പഠിക്കുന്ന കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ
വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സാഹചര്യ
ഇടപെടലാണ് ഈ സ്കൂളിൽ നിലവിലുള്ളത്.
എന്നിരുന്നാലും സ്കൂൾ നിലനിൽക്കുന്നതിന് സമീപവാ
സികളിൽ ചിലർ തെറ്റായ സമീപനം പുലർത്തു
ന്നതും മതപരമായ വേർതിരിവുകൾ നാട്ടുകാരിൽ
സൃഷ്ടിച്ച് മറ്റു സ്കൂളുകളിലേക്ക് കുട്ടികളെ ക്യാൻവാസ്
ചെയ്യലും അകലെയുള്ള സ്കൂളിൽ സ്കൂൾബസിൽ യാത്ര
ചെയ്യാനുള്ള കുട്ടികളുടെ ഇഷ്ടവും ഒക്കെയും ചെറിയ
വെല്ലുവിളികൾ തന്നെയായി നിലനിൽക്കുന്നുണ്ട്.
അക്കാദമിക മികവുകൾ സൃഷ്ടിച്ച്, തെറ്റായ ധാരണകൾ
തിരുത്തി മുന്നേറുക തന്നെയാണ് സ്കൂളിന്റെ ലക്ഷ്യം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ഓരോ വിദ്യാർഥിക്കും ആസ്വാദ്യകരമായ രീതിയിൽ വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അവരുടെ പൂർണ്ണ പങ്കാളിത്തത്തോടെ ഉറപ്പാക്കുക.
- വിദ്യാലയത്തിൽ നിലവിൽ ലഭ്യമായ പിന്തുണാസംവിധാനങ്ങൾ (ലാപ്ടോപ്പുകൾ, പ്രൊജക്ടർ, ലൈബ്രറി) എല്ലാ വിദ്യാർഥികൾക്കും ലഭ്യമാക്കി പരമാവധി പ്രയോജനപ്പെടുത്തി കാലാനുസൃതമായ പുരോഗതി അവരിൽ സൃഷ്ടിക്കുക.
- ഭാഷാപരവും ഗണിതപരവും സാമൂഹ്യപരവുമായി കുട്ടികൾക്കുണ്ടാകുന്ന പഠനവിടവുകൾ പരിഹരിച്ച് സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുക.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.

## വിദ്യാലയം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, പഠന വിടവുകൾ അവയ്ക്കുള്ള പരിഹാരങ്ങൾ.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | റിമാർക്സ്. |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം. | 1) സുംബ ഡാൻസ്<br>2) സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് ആഴ്ചയിൽ ഒരു ദിവസം | Teachers<br>Salini. K.S. | നൊപ്പുൻസ് സ്വിമ്മിങ് അക്കാദമി വെള്ളിക്കുളങ്ങര |
| മാനസികാരോഗ്യം, ശ്രദ്ധക്കുറവ് പരിഹരിക്കൽ | യോഗപരിശീലനം. | ജൂൺ - മാർച്ച് | Teachers<br>Manjurani. T.K. | Dr. Jayalakshmi Ammal. Puliyannoor. |
| സാമൂഹിക വികാസം | സംഘ പ്രവർത്തനങ്ങൾ<br>സംഘക്കളികൾ<br>ഫീൽഡ്ട്രിപ്പുകൾ | ജൂൺ - മാർച്ച് | Class teachers<br>PTA | ക്ലാസ്തലം |
| ഭാഷാപരം<br>ഭാഷാവികാസം<br>സർഗാത്മക വികാസം. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ - അക്ഷരക്കളരി.<br>വായനക്കാർഡുകൾ തയ്യാറാക്കൽ<br>മണലിലെഴുത്ത്<br>ലൈബ്രറി ശക്തമാക്കൽ.<br>പാട്ടരങ്ങ്<br>കഥയരങ്ങ് | ജൂൺ - മാർച്ച് | Teachers<br>SRG<br>TK Manjurani | PTA support<br>class തലം. |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | റിമാർക്സ് |
|---|---|---|---|---|
| ആസ്വാദന സദസ്സ് | | | | |
| രചനാശില്പശാലകൾ | | | | |
| കയ്യെഴുത്തു മാസിക | | | | |
| സർഗവേളകൾ | | | | |
| ഗണിതം | സംഖ്യാബോധം ഉറപ്പിക്കാനുള്ള ഗണിതകേളികൾ – ഉല്ലാസഗണിതം ഗണിതവിജയം പ്രവർത്തനങ്ങൾ, കളിപ്പെട്ടി (ICT) | ജൂൺ - ആഗസ്റ്റ് | Class teachers | |
| | ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള ഗണിതകേളികൾ, – ഉല്ലാസഗണിതം, ഗണിതവിജയം, കളിപ്പെട്ടി (ICT) | ജൂലൈ - മാർച്ച് | Class teachers | |
| | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ – ഗണിതവിജയം പ്രവർത്തനങ്ങൾ – ക്ലാസിൽ കട, ബാങ്ക് etc. | സെപ്റ്റംബർ - മാർച്ച് | Class teachers | |
| | സമയം, അളവ് ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂലൈ - ജനുവരി | Class teachers | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | റിമാർക്ക്. |
|---|---|---|---|---|
| സ്കൂൾ പരിസരം ഒരു പാഠപുസ്തകം | • പരിസരനടത്തം.<br>• പാർക്ക് ഒരു പഠന സ്ഥലം<br>• ഉദ്യാന സംരക്ഷണം.<br>• പച്ചക്കറി സംരക്ഷണം<br>• ഔഷധത്തോട്ട നിർമാണം. | ജൂൺ - മാർച്ച്. | Teachers. | |
| വൈജ്ഞാനിക മേഖല | • ദിവസവും 3 ചോദ്യങ്ങൾ (GK)<br>• TV News ശ്രവിക്കൽ<br>• ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | Teachers<br>Bineesh George.<br>SRG | |
| Speaking<br><br>Speaking fluently with confidence. | Self introduction.<br>Introducing family<br>Introducing school<br>Favourites – pets<br>Flowers<br>Vegetables<br>Vehicles | June - July. | SRG | |
| | How to ask questions, permissions. | June - March. | | |

# ഉപസംഹാരം.

പ്രാഥമിക വിദ്യാഭ്യാസം എന്നത് ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആദ്യപടിയാണ്. "അടിസ്ഥാനം നന്നായാൽ ഏവം നന്ന്." ഈ ചിന്തയോടെ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി, അതിന്റെ സുഗമമായ വളർച്ചയും പുരോഗമനത്തെയും ലക്ഷ്യമാക്കിയുള്ള ഒരു പിടി പ്രവർത്തനങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ ആസൂത്രണം അതിന്റെ എല്ലാ ലക്ഷ്യപ്രാപ്തിയിലുമെത്തിക്കാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം